(ഡി) 90 കിടക്കകളോടുകൂടിയ ആശുപത്രി പണിയുക, നിലവിലുള്ള ഡിപ്പാർട്ടുമെന്റുകൾ നവീകരിക്കുക, കായ ചികിൽസ, ശല്യചികിൽസ, പ്രസൂതിതന്ത്രം എന്നിവയ്ക്ക് പ്രത്യേകം പ്രത്യേകം ഡിപ്പാർട്ടുമെന്റുകൾ ഉണ്ടാക്കുക, ഓപ്പറേഷൻ തിയേറ്ററിലും, വിഷ ചികിൽസാ വിഭാഗത്തിലും സൗകര്യങ്ങൾ മെച്ചപ്പെടുത്തുക തുടങ്ങിയ നിബന്ധനകൾ ആണ് യൂണിവേഴ്സിറ്റി നിർദ്ദേശിച്ചത്.

(ഇ) പൂർണ്ണമായി കഴിഞ്ഞിട്ടില്ല.

(എഫ്) 1986-87 അദ്ധ്യയനവർഷം, ഒന്നാംവർഷ ബി.എ. എം.എസ്. കോഴ്സിനുള്ള അഡ്മിഷൻ, ഇന്റിമേഷൻ ഉണ്ടാകുന്നതുവരെ നടത്തരുതെന്ന് അറിയിച്ചിട്ടുണ്ട്.

(ജി) കോളേജിൽ പുതിയതായി ഏർപ്പെടുത്തിയ സൗകര്യങ്ങൾ കാണിച്ചുകൊണ്ട് കേന്ദ്രീകൃത യൂണിവേഴ്സിറ്റി വൈസ് ചാൻസലർക്ക് എഴുതിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റി എടുത്ത തീരുമാനം പുനഃപരിശോധിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

(എച്ച്) നടപടി സ്വീകരിച്ചു വരികയാണ്.

## അനങ്ങനടി പഞ്ചായത്തിൽ ആയുർവ്വേദ ഡിസ്പെൻസറി

1750 [2653] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം താലൂക്കിലെ അനങ്ങനടി പഞ്ചായത്തിൽ 1981-ൽ ഒരു ആയുർവ്വേദ ഡിസ്പെൻസറി അനുവദിച്ചിട്ടുണ്ടോ;

(ബി) ഈ ഡിസ്പെൻസറിക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിന് 50 സെന്റ് സ്ഥലം നാട്ടുകാർ സംഭാവന ചെയ്തിട്ടുണ്ടോ;

(സി) കെട്ടിടം പണിയാനുള്ള സാമ്പത്തിക ശേഷി ഇല്ലെന്ന് അനങ്ങനടി പഞ്ചായത്ത് അറിയിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് 50 സെന്റ് സ്ഥലത്ത് കെട്ടിടം പണിയുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ഇപ്പോഴത്തെ ഡിസ്പെൻസറി പ്രവർത്തിക്കുന്ന സ്ഥലത്തിന്റെ വാടക ഗവൺമെന്റ് നൽകുന്നുണ്ടോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഈ ഡിസ്പെൻസറിക്ക് കെട്ടിടം പണിയുന്നതിനായി സ്ഥലം ലഭിച്ചിട്ടുള്ളതായി പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. എന്നാൽ എത്ര സെന്റ് സ്ഥലമാണെന്ന് പഞ്ചായത്തിൽനിന്ന് അറിവ് കിട്ടിയിട്ടില്ല.

(സി) ഉണ്ട്.

(ഡി) ഡിസ്പെൻസറി അനുവദിച്ചുകൊണ്ടുള്ള ഉത്തരവിലെ വ്യവസ്ഥ അനുസരിച്ച് സ്ഥലവും കെട്ടിടവും ലഭ്യമാക്കേണ്ടത് പഞ്ചായത്തിന്റെ ചുമതലയായതിനാൽ ടി ഡിസ്പെൻസറിക്ക് ഡിപ്പാർട്ടുമെന്റിൽനിന്നും കെട്ടിടം പണിയാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇല്ല. വാടക കൊടുക്കുന്നതിനുള്ള ബാദ്ധ്യത പഞ്ചായത്തിനാണ്.

തൃശ്ശൂരിലേയും, ആലപ്പുഴയിലേയും ഡോക്ടർമാരുടെ സ്ഥലംമാറ്റം

1751 [2659] ശ്രീ. നാലകത്തുസൂപ്പി:
,, കെ.പി. രാമൻ:
,, എം.പി.എം. ഇസഹാക്ക് കുരിക്കൾ:
,, പി.വി. മുഹമ്മദ്:
,, പി.കെ.കെ. ബാവ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ തൃശ്ശൂരും ആലപ്പുഴയിലുമുള്ള ഡോക്ടർമാരെ മാത്രം സ്ഥലം മാറ്റുമ്പോൾ സബ് സ്റ്റാഫിനെ മാറ്റാതെ വിടുതൽ ചെയ്യുകയില്ല എന്നുള്ള നിർദ്ദേശം നിലവിലുണ്ടോ;

(ബി) കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ ഇക്കാര്യത്തിൽ പൊതുവായ രീതി നടപ്പിലാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്:

(ബി) ആലപ്പുഴ, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ വേണ്ടത്ര ഡോക്ടർമാർ ഇല്ലാത്തതുകൊണ്ടാണ് ഇങ്ങനെയൊരു നിർദ്ദേശം നൽകിയിട്ടുള്ളത്. മറ്റു മെഡിക്കൽ കോളേജുകളിൽ ഈ നിർദ്ദേശം തൽക്കാലം നടപ്പാക്കേണ്ടതില്ലെന്നാണ് ഗവൺമെന്റ് കരുതുന്നത്.

കുമ്പളങ്ങി പ്രൈമറി ഹെൽത്ത് സെന്ററിൽ സ്റ്റാഫ് നഴ്സ്, അറ്റൻഡർ എന്നിവരുടെ നിയമനം

1752 [2660] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമ്പളങ്ങി പ്രൈമറി ഹെൽത്ത് സെന്ററിൽ വേണ്ടത്ര സ്റ്റാഫ് നേഴ്സും അറ്റൻഡറും ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൻമൂലം അവിടെ കിടത്തി ചികിൽസിക്കപ്പെടുന്ന രോഗികൾക്ക് വേണ്ടത്ര ശുശ്രൂഷ ലഭിക്കുന്നില്ല എന്ന് പരാതി ലഭിച്ചിട്ടുണ്ടോ?

(സി) അവിടെ കൂടുതൽ സ്റ്റാഫ് നേഴ്സിനേയും അറ്റൻഡറേയും നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly